പി.റ്റി(3) 4978/2022

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 24-06-2022
Email : keralarcs.coop@kerala.gov.in
Website: www.cooperation kerala.gov.in
Tel : No. 0471 2330726

## സർക്കുലർ നമ്പർ 29/2022

വിഷയം:- സഹകരണ വകുപ്പ് അന്തർദേശീയ സഹകരണ ദിനം 2022 ജൂലൈ 2 - പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

ജൂലൈ 2 അന്തർദേശീയ സഹകരണ ദിനം. 100-ാം അന്തർദേശീയ സഹകരണ ദിനം എന്ന പ്രത്യേകതയും ഈ വർഷത്തെ സഹകരണ ദിനത്തിനുണ്ട്.

സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച ജനങ്ങൾക്കിടയിലെ അവബോധം ശക്തിപ്പെടുത്തുക, സഹകരണ പ്രസ്ഥാനത്തിന്റെ വിജയഗാഥകൾ, അന്തർദേശീയ ഐക്യത്തിനും വികസനത്തിനും നൽകുന്ന മാതൃകകൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഈ ദിനാഘോഷത്തിനു പിന്നിലെ ലക്ഷ്യങ്ങൾ.

"Co-operatives Build a Better World" ("മെച്ചപ്പെട്ട ലോകസൃഷ്ടിക്ക് സഹകരണ പ്രസ്ഥാനം") എന്നതാണ് ഈ വർഷത്തെ സഹകരണ ദിന പ്രമേയം. സ്വയം സഹായം, സ്വയം ഉത്തരവാദിത്തം, ജനാധിപത്യം, സമത്വം, തുല്യത, ഐക്യദാർഢ്യം എന്നീ സഹകരണ മൂല്യങ്ങളും ധാർമ്മികമൂല്യങ്ങളായ സത്യസന്ധത, തുറന്ന സമീപനം, സാമൂഹിക പ്രതിബദ്ധത, മറ്റുള്ളവർക്കു വേണ്ടിയുള്ള കരുതൽ എന്നിവയിലൂടെ ജനകേന്ദ്രീകൃത മാതൃകകളിലൂടെ ഒരു മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കുക എന്നതാണ് ഈ സഹകരണ ദിനത്തിന്റെ മുഖ്യസന്ദേശം. അതായത് മികച്ച നവലോകസൃഷ്ടിക്ക് സഹകരണം അനിവാര്യമാണ്. ഇത് എല്ലാതലങ്ങളിലും പ്രചരിപ്പിക്കാൻ അന്തർദേശീയ സഹകരണ സഖ്യം (ICA) സഹകാരികളെ ക്ഷണിക്കുന്നു. ഇതിനായി ഒരുമിച്ച് നിന്ന് മെച്ചപ്പെട്ട രീതിയിൽ ലോകത്തെ പുതുക്കിപ്പണിയാം. അതിലുള്ള പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനുമുള്ള അവസരമായി ഈ ദിനത്തെ സഹകാരികൾ പ്രയോജനപ്പെടുത്തണം എന്ന സന്ദേശമാണ് ഈ പ്രമേയം മുന്നോട്ടു വെയ്ക്കുന്നത്. ഇതിന്റെ ഭാഗമായി വിപുലമായ പരിപാടികളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

ഈ വർഷത്തെ സഹകരണ ദിനാഘോഷ പരിപാടികൾ കോട്ടയം ജില്ലയിലാണ് സംഘടിപ്പിക്കുന്നത്. ഇതിനോടനുബന്ധിച്ച് സഹകരണ ദിന പ്രഭാഷണം, സെമിനാർ, മികച്ച സഹകരണ സംഘങ്ങൾക്കുള്ള അവാർഡ്, കോപ്പ് ഡേ പുരസ്കാരം, മികച്ച സഹകാരികൾക്കുള്ള റോബർട്ട് ഓവൻ പുരസ്കാരം എന്നിവ നൽകുന്നതാണ്.

കോട്ടയം ഒഴികെയുള്ള മറ്റ് ജില്ലകളിൽ ജില്ലാതലത്തിലും, താലൂക്ക്തലത്തിലും, സംഘംതലത്തിലും പ്രത്യേക പരിപാടികൾ അന്നേ ദിവസം രാവിലെ സംഘടിപ്പിക്കേണ്ടതും ഉച്ചക്ക് ശേഷം കോട്ടയം മാമൻ മാപ്പിള ഹാളിൽവച്ച് നടക്കുന്ന

പരിപാടി തത്സമയം വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും, സഹകരണ സംഘങ്ങളിലും യൂട്യൂബ്, ഫെയ്സ് ബുക്ക് ലൈവ്, വാട്ട്സാപ്പ് എന്നീ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അന്നേ ദിവസം നടക്കുന്ന എല്ലാ യോഗങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

ജില്ലാ തലത്തിൽ മികച്ച സംഘങ്ങൾക്കുള്ള അവാർഡുകൾ നൽകേണ്ടതാണ്. സംസ്ഥാന തലത്തിൽ സഹകരണ ദിനത്തിന്റെ ഭാഗമായി കോപ്പ് ഡേ പുരസ്കാരം നൽകുന്നു. സഹകരണദിന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ പരിശോധിച്ചാണ് കോപ്പ് ഡേ പുരസ്കാരം നൽകുന്നത്. ആയതിനാൽ ഓരോ സംഘവും ഈ വർഷത്തെ സഹകരണ ദിന ആശയമായ 'കോ-ഓപ്പറേറ്റീവ്സ് ഫോർ എ ബെറ്റർ വേൾഡ്' എന്ന സന്ദേശം യാഥാർഥ്യമാക്കുന്നതിനായി ഒരു പ്രവർത്തനം പ്രഖ്യാപിക്കുകയും, നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ :

1. കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ച് കൊണ്ടായിരിക്കണം ഓരോ പരിപാടിയും സംഘടിപ്പിക്കേണ്ടത്.

2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ www.facebook.com/ vnvasavan official എന്ന ഫേസ് ബുക്ക് പേജിലും സഹകരണ സംഘം രജിസ്ട്രാറുടെ www.facebook.co./rcskerala എന്ന ഫേസ് ബുക്ക് പേജിലും http//youtube.com/c/ PRORCS എന്ന യൂട്യൂബ് ലിങ്കിലും പരിപാടി ലൈവായി കാണാവുന്നതാണ്. ഓരോ സ്ഥാപനത്തിലും ഇതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

3. എല്ലാ സഹകരണ സംഘങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും ജില്ല, താലൂക്ക്തല ആഫീസുകളിലും കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് രാവിലെ 9.30 ന് സഹകരണ പതാക ഉയർത്തേണ്ടതാണ്.

4. ഈ സഹകരണ ദിനത്തിൽ സഹകരണ സന്ദേശം എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ ജീവനക്കാർ, സഹകാരികൾ എന്നിവരും വാട്ട്സാപ്പ് കൂട്ടായ്മകൾ, ഫേസ് ബുക്ക് തുടങ്ങി ഓൺലൈൻ വഴി പ്രചാരണം നടത്തണം.എല്ലാ സഹകരണ സ്ഥപങ്ങളും പരിസ്ഥിതി സൌഹാർദ്ദ ബാനർ, പോസ്റ്റർ,സ്റ്റിക്കർ, എന്നിവയും തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

5. ജില്ലയിലെ സംഘങ്ങളെയാകെ ഇതിൽ കണ്ണിയാക്കുന്നതിനുള്ള പ്രവർത്തനം ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതും. ഒരു ഉദ്യോഗസ്ഥന് ചുമതല നൽകേണ്ടതുമാണ്.

6. സർക്കിൾ സഹകരണ യൂണിയന്റെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും. താലൂക്ക് തലത്തിലും ഉദ്യേഗസ്ഥ ചുമതല ഉണ്ടാകേണ്ടതുമാണ്.

7. ജില്ല, താലൂക്ക്, സംഘംതല യോഗം ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും. നടത്തിയ ക്രമീകരണങ്ങൾ സംബന്ധിച്ച വിവരം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ജൂൺ 28 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്. ഇതിനായി ജില്ലാതല ചുമതല ഒരു ഉദ്യോഗസ്ഥന് നൽകേണ്ടതാണ്.

8. ജില്ലാ, താലൂക്ക് തലങ്ങളിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങളും ലൈവ് സെഷനിൽ സഹകാരികൾ/ജീവനക്കാർ പങ്കെടുക്കുന്ന ഫോട്ടോകളും അതേ ദിവസം തന്നെ keralarcssocialmedia@gmail.comഎന്ന ഇമെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലെ പി.റ്റി സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)
DR. ADEELA ABDULLA IAS
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
5. എല്ലാ സർക്കിൾ സഹകരണ യൂണിയനുകൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
6. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി,സംസ്ഥാന സഹകരണ യൂണിയൻ
7. സഹകരണ ആഡിറ്റ് ഡയറക്ടർ
8. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
9. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
10. സഹകരണ വീഥി
11. സ്റ്റോക്ക് ഫയൽ/സ്പെയർ